പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 124 04-02-2013 -ൽ മറുപടിക്ക്.

കൊല്ലങ്കോട് എക്സൈസ് റേഞ്ച് ഓഫീസിനായുള്ള സ്ഥലമേറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) | കൊല്ലങ്കോട് എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി ഏതു ഘട്ടം വരെയായി; വിശദാംശം നൽകുമോ; | (എ) | സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. |
| (ബി) | നിലവിൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര സെന്റ്; | (ബി) | ഉണ്ട്. .0445 ഹെക്ടർ. |
| (സി) | പ്രസ്തുത സ്ഥലം എക്സൈസ് വകുപ്പിനു കൈമാറിക്കിട്ടുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | മേൽപ്പറഞ്ഞ സ്ഥലം എക്സൈസ് വകുപ്പിന് കൈമാറിക്കിട്ടുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും, ആയത്, 07-10-2012-ലെ LRG 9-2006/9 കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർക്ക് അയയ്ക്കുകയും, ലാന്റ് റവന്യൂ കമ്മീഷണർ, 28-11-2012-ൽ, LRK 2-40868/12 പ്രകാരം, ഭൂമി കൈമാറ്റ ശുപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുമുണ്ട്. സർക്കാരിലെ റവന്യൂ വകുപ്പ് ഇത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ആഫീസർ